**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** | **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുശ്മശാനം നിർമിക്കുന്നതിന് റവന്യൂ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരവധി ഗ്രാമപഞ്ചായത്തുകൾ പൊതുശ്മശാനം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **പൊതുശ്മശാനം നിർമ്മിയ്ക്കുന്നിന് റവന്യൂ ഭൂമി കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകൾ ഇപ്രകാരമാണ്.** |

| ജില്ല | പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | അഴൂർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.09.2023 ലെ ബി8/551843/2023 നമ്പർ നടപടിക്രമപ്രകാരം അഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 439/1 ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമിയുടെ ഉപയോഗാനുമതി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതാണ്. |
| കൊല്ലം | 1) പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത് അപേക്ഷാ വസ്തു തരിശ് ഭൂമിയായതിനാൽ പ്രസ്തുത ആവശ്യത്തിനു അനുയോജ്യമല്ല.<br><br>2) പന്മന ഗ്രാമ പഞ്ചായത്ത് പൊതുശ്മശാനം നിർമ്മിയ്ക്കുന്നതിനായി ആവശ്യപ്പെട്ട സ്ഥലത്ത് ചവറ പോലീസ് സ്റ്റേഷന്റെ പഴയ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതായും പ്രസ്തുത സ്ഥലം ബി.റ്റി.ആറിൽ സർക്കാർ കേരള മിനറൽസ് ആന്റ് മെറ്റൽസ് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ സ്ഥലം കൈമാറുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. |
| പത്തനംതിട്ട | 1) വള്ളിക്കാട് ഗ്രാമ പഞ്ചായത്ത് പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td></td><td>2) അയിരൂർ ഗ്രാമ പഞ്ചായത്ത് പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>എറണാകുളം</td><td>മഴുവന്നൂർ, മട്ടുക്കുഴ, പൂത്തൻ വേലിക്കല ഗ്രാമ പഞ്ചായത്തുകളും കൊച്ചി നഗരസഭയും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.</td></tr>
<tr><td>തൃശ്ശൂർ</td><td>പാവറട്ടി ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പാവറട്ടി വില്ലേജിലെ സർവ്വെ നമ്പർ 1/18 ൽ പെട്ട 90 സെന്റ് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനായുള്ള നടപടികൾ നാട്ടിക തഹസിൽദാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയുടെ പരിസരത്ത് ധാരാളം കുടുംബങ്ങൾ താമസിച്ചു വരുന്നതിനാൽ കണ്ടൽകാടുകൾ നീക്കം ചെയ്യുന്നതു വഴി പ്രസ്തുത വീടുകളിൽ വെള്ളം കയറ്റമെന്നുള്ളതും മലിനീകരണ പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ച് സ്ഥലവാസികൾ പരാതി ബോധിപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.</td></tr>
<tr><td>കണ്ണൂർ</td><td>ചിറയ്ക്കൽ ഗ്രാമ പഞ്ചായത്ത് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചു വരുന്നു.</td></tr>
<tr><td>കാസർഗോഡ്</td><td>കുറ്റിക്കൽ ഗ്രാമ പഞ്ചായത്ത് പള്ളിക്കര ഗ്രാമ പഞ്ചായത്ത് എന്നീ ഗ്രാമ പഞ്ചായത്തുകളുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു.<br><br>അജാനൂർ ഗ്രാമപഞ്ചായത്തിന് ഭൂമി പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>1964-ലെ ഭൂ പതിവ് ചട്ടങ്ങൾ സെക്ഷൻ 13-ൽ ശ്മശാനത്തിന് പാട്ടത്തിന് ഭൂമി നൽകുന്നതിന് വ്യവസ്ഥയില്ലാത്തത് കാരണം പല അപേക്ഷകളും നിരസിക്കപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(സി)</td><td>ആധുനിക കാലഘട്ടത്തിൽ പൊതുശ്മശാനം നിർമ്മിക്കേണ്ടത്</td><td>(സി)</td><td>ഭൂമി ലഭ്യമാകാത്ത തദ്ദേശ സ്ഥാപനങ്ങളിൽ പര്യാപ്തമായ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമെങ്കിൽ, ഭൂമിയുടെ ഉടമസ്ഥാവകാശം</td></tr>
</table>

| | | | |
|---|---|---|---|
| | ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ ഈ വിഷയത്തിൽ പ്രത്യേക പരിഗണന നൽകി അപേക്ഷ നൽകിയ പഞ്ചായത്തുകൾക്ക് കാലതാമസം കൂടാതെ റവന്യൂ ഭൂമി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | സർക്കാരിൽ തന്നെ നിലനിർത്തിക്കൊണ്ട് പൊതുശ്മശാനം സ്ഥാപിക്കുന്നതിനാവശ്യമായ വിസ്തൃതിയുള്ള ഭൂമി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നാമമാത്രമായ പാട്ടത്തുക ഈടാക്കികൊണ്ട് പാട്ടത്തിനു നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ